# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. * 225 — 12.02.2019 ലെ മറുപടി

## ഡാമുകളുടേയും റിസർവോയറുകളുടേയും സംഭരണശേഷി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.എസ്.ശിവകുമാർ<br>,, തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, പി.ടി. തോമസ്<br>,, സണ്ണി ജോസഫ് : | കെ.കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ഡാമുകളിലും റിസർവോയറുകളിലും പ്രളയത്തെ തുടർന്ന് അടിഞ്ഞുകൂടിയ ചെളിയും മണലും നീക്കി സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇത് സംബന്ധിച്ച നടപടികൾക്ക് ഉന്നതാധികാര സമിതി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) ഉണ്ട്; GO(Rt) No.425/2018/WRD dated 16/06/2018 പ്രകാരം ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു ഉന്നതാധികാര സമിതി രൂപീകരിച്ചിട്ടുണ്ട്. ചീഫ് സെക്രട്ടറിക്കു പുറമേ ജലവിഭവ, ധനകാര്യ , ഊർജ്ജ, റവന്യൂ, വനം വന്യ ജീവി വകുപ്പു സെക്രട്ടറിമാരും ഈ സമിതിയിൽ അംഗങ്ങളാണ്. 02.11.2018-ൽ ഉന്നത അധികാര സമിതി യോഗം ചേർന്ന് ഡാമുകളിലും റിസർവോയറുകളിലും കെട്ടിക്കിടക്കുന്ന ചെളിയും എക്കലും മണലും നീക്കം ചെയ്ത്, സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനു തയ്യാറാക്കിയ സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡിയർ (SOP) മംഗലം, ചുള്ളിയാർ എന്നീ പൈലറ്റ് പദ്ധതികളുടെ DPR എന്നിവയിൽ ചില ഭേദഗതികൾ ശുപാർശ ചെയ്തിട്ടുണ്ട്. ആയതിന് ചീഫ് ടെക്നിക്കൽ എക്സാമിനർ നൽകിയ അഭിപ്രായം പരിശോധിച്ചു വരുന്നു. |

(സി) ഏതൊക്കെ ഡാമുകളിൽ നിന്നാണ് ചെളിയും മണലും നീക്കുന്നത്;

(സി) പൈലറ്റ് പദ്ധതികളായി മംഗലം, ചുള്ളിയാർ ഡാമുകൾ കൂടാതെ അരുവിക്കര ഡാമിന്റെ സ്ഥാപിത സംഭരണശേഷി വീണ്ടെടുക്കുന്നതിന് കേരള വാട്ടർ അതോറിറ്റി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ഡി) ഇപ്രകാരം ലഭിക്കുന്ന മണൽ ടെൻഡർ ചെയ്ത് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

(ഡി) ഉണ്ട് ;

രണ്ട് രീതിയിലുള്ള ടെണ്ടർ നടപടികൾ ആയിരിക്കും സ്വീകരിക്കുക - Turn key പ്രകാരവും work contract പ്രകാരവും.

Work contract പ്രകാരമുള്ള ടെണ്ടർ ചെയ്യുമ്പോൾ, വേർതിരിച്ച് കിട്ടുന്ന മണ്ണ്, കളിമണ്ണ് എന്നിവ റവന്യൂ അധികാരികൾക്ക് കൈമാറുന്നതും Turn key പ്രകാരം, മണൽ, എക്കൽ എന്നിവ നീക്കം ചെയ്യുന്നതിനും വേർതിരിക്കുന്നതിനും ചെയ്തു കിട്ടുന്നവ ടെണ്ടർ പിടിക്കുന്നയാൾ തന്നെ ലേലം ചെയ്യുന്നതുമാണ്.

**സെക്ഷൻ ഓഫീസർ**